

# സഭ പ്രേഷിത സമൂഹം

10

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# പാഠം 7

# പ്രേഷിതപ്രവർത്തന മാർഗ്ഗങ്ങൾ



സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ അടിസ്ഥാനവും മാതൃകയും ഈശോയുടെ പ്രേഷിതപ്രവർത്തനങ്ങൾ തന്നെയാണ്. പിതാവിനോടുള്ള ദീർഘനേരത്തെ പ്രാർത്ഥനയിലൂടെയാണ് ഈശോ തന്റെ പ്രവർത്തനങ്ങൾക്കുള്ള ആവശ്യമായ ശക്തി നേടിയിരുന്നത്.

പ്രാർത്ഥന, പ്രഘോഷണം, സേവനം, സഹനം എന്നീ മാർഗ്ഗങ്ങളിലൂടെയാണ് സഭ പ്രേഷിത പ്രവർത്തന ദൗത്യം നിറവേറ്റുന്നത്.

# പ്രാർത്ഥനയുടെ പ്രേഷിതത്വം



# പ്രാർത്ഥനയുടെ പ്രേഷിതത്വം



# പ്രാർത്ഥനയുടെ പ്രേഷിതത്വം

സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പ്രധാന പ്പെട്ടതാണ് പ്രാർത്ഥനയിലൂടെയുള്ള പ്രേഷിതത്വം. മദ്ധ്യസ്ഥ പ്രാർത്ഥനവഴി അനേകരെ മാനസാന്തരത്തി ലേക്കും ആത്മസിദ്ധിയിലേക്കും നയിക്കാൻ സാധിക്കു മെന്ന തിരിച്ചറിവാണ് ശുശ്രൂഷ ചെയ്യാൻ സഭയെ പ്രേരിപ്പിക്കുന്നത്.

ഏത് സാഹചര്യത്തിലും പ്രാർത്ഥനയിലൂടെ പ്രേഷിത പ്രവർത്തനം ചെയ്യുവാൻ നമുക്ക് സാധിക്കും.

**ഉദാ:- വി. കൊച്ചുത്രേസ്യ, വി. അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മ.**

# പ്രഘോഷണം വഴിയായുള്ള പ്രേഷിതത്വം



# പ്രഘോഷണം വഴിവായായുള്ള പ്രേഷിതത്വം

സുവിശേഷ പ്രഘോഷണം ഏറ്റവും മഹത്തായ പ്രേഷിതത്വമാണ്. കാരണം ഈശോയെ അറിയുവാനും ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കുവാനും പ്രഘോഷണം വഴിയാണു സാധിക്കുന്നത്.

"സുവിശേഷ പ്രഘോഷണം യഥാർത്ഥത്തിൽ സഭയുടെ ദൈവവിളിയും കടമയുമാണ്. (E.N. 14)

വചനപ്രഘോഷണം എത്രമാത്രം പ്രവൃത്തികളിൽ അധിഷ്ഠിതമാക്കാമെന്നു ലോകത്തിനു കാണിച്ചുതന്ന വാഴ്ത്തപ്പെട്ടവരാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചനും തേവർപറമ്പിൽ കുഞ്ഞച്ചനും.



# സേവനത്തിന്റെ പ്രേഷിതത്വം

നിസ്വാർത്ഥ സേവനത്തിലൂടെ ലോകത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിച്ച ഒട്ടേറെ മഹാത്മാക്കളുണ്ട്. എല്ലാവർക്കും നന്മചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ച ഈശോയെ അവർ തങ്ങളുടെ ജീവിതത്തിലൂടെ ലോകത്തിന് അനുഭവവേദ്യമാക്കി കൊടുക്കുന്നു.

ഉദാ: 'അഗതികളുടെ അമ്മ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന കർക്കത്തായിലെ മദർ തെരേസ.

ഹൃദയം ദൈവസ്നേഹംകൊണ്ട് നിറയുമ്പോൾ ആ സ്നേഹം പ്രവൃത്തികളിലൂടെ മറ്റുള്ളവരിലേക്കു പകരാനുള്ള തീക്ഷ്ണമായ ആഗ്രഹം വ്യക്തികൾക്ക് അനുഭവപ്പെടും.

# സേവനത്തിന്റെ പ്രേഷിതത്വം



# സഹനത്തിന്റെ പ്രേഷിതത്വം

തങ്ങളുടെ ക്ലേശങ്ങളും സഹനങ്ങളും രക്ഷ
കന്റെ സഹനങ്ങളോടു ചേർത്തുവച്ചു രക്ഷാകരമാ
ക്കിയ അനേകം വിശുദ്ധാത്മാക്കൾ സഭയിലുണ്ട്.
വി. അൽഫോൻസമ്മയും, വാഴ്ത്ത പ്പെട്ട മറിയം
ത്രേസ്യാമ്മയും ഇവരിൽ പെടുന്നു.

പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും
പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി
ചെറിയ ത്യാഗങ്ങൾ കാഴ്ചവെച്ചുകൊണ്ടും സഭ
യുടെ പ്രേഷിത ദൗത്യത്തിൽ നമുക്കും പങ്കുചേ
രാൻ സാധിക്കും.

# പ്രഘോഷണം വഴിയായുള്ള പ്രേഷിതത്വം









# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യം ലോകത്തിന്റെ അതിർത്തികൾവരെ ദൈവരാജ്യം സ്ഥാപിക്കുക എന്നതാണ്.

* പ്രാർത്ഥന, പ്രഘോഷണം, സേവനം, സഹനം എന്നീ മാർഗങ്ങളിലൂടെയാണു സഭ പ്രധാനമായും തന്റെ പ്രേഷിതദൗത്യം നിർവഹിക്കുന്നത്.



* ഓരോ മാർഗത്തിലൂടെയും വിശുദ്ധരായ അനേകം മാതൃകകൾ സഭയിലുണ്ട്.

* വിശുദ്ധ കൊച്ചുത്രേസ്യായും വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മയും പ്രാർത്ഥനയുടെ  പ്രേഷിതരായും , വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യക്കോസ് ഏലിയാസച്ചനും തേവർ പറമ്പിൽ കുഞ്ഞച്ചനും പ്രഘോഷണത്തിന്റെ പ്രേഷിതരായും, വാഴ്ത്തപ്പട്ട മദർതെരേസ സേവനത്തിന്റെ പ്രേഷിതയായും, വി.അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായും  സഹനത്തിന്റെ പ്രേഷിതരായും    അറിയപ്പെടുന്നു.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരാനുള്ള താൽപര്യം.

* പ്രേഷിതപ്രവർത്തനത്തിനുള്ള വേദികൾ പലതുണ്ട് എന്ന തിരിച്ചറിവ്.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* നാലു മാർഗങ്ങളിൽ ഏതെങ്കിലുമൊക്കെ സന്ദർഭാനുസരണം ഉപയോഗിച്ച് സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരുന്നു.

